# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി14)1894/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി14)1894/2023 തീയ്യതി: 21/12/2023

## തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 17-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഓമന.കെ.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ സിജു പി. ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ ജയൻ വി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിജു എൻ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ദിനേഷ് എം.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ്കുമാർ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സരിത കെ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| കവിത പി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനുപമ വിജയൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഗിരീഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.പി അരുൺ റാഫേൽ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| അനിൽ കുമാർ | വി.ഇ.ഒ കല്ലൂർ സർക്കിൾ | 01-04-2022 | 19-05-2022 |
| നിഷ പി.പി | വി.ഇ.ഒ കല്ലൂർ സർക്കിൾ (ഇൻ ചാർജ്ജ്) | 20-05-2022 | 22-05-2022 |
| ജിനേഷ് ജെ.എസ് | വി.ഇ.ഒ ഗ്രേഡ് 1 കല്ലൂർ സർക്കിൾ | 23-05-2022 | 16-07-2022 |
| നിഷ പി.പി | വി.ഇ.ഒ ഗ്രേഡ് 1 കല്ലൂർ സർക്കിൾ (ഇൻ-ചാർജ്ജ്) | 17-07-2022 | 05-08-2022 |
| ദീപക് കെ.കെ | വി.ഇ.ഒ ഗ്രേഡ് 1 കല്ലൂർ സർക്കിൾ. | 06-08-2022 | 31-03-2023 |
| നിഷ പി.പി | വി.ഇ.ഒ ഗ്രേഡ് 2 തൃക്കൂർ സർക്കിൾ. | 01-04-2022 | 31-03-2023 |
| അനൂപ് സോമൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 29-03-2023 |
| കീർത്തി സി.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 30-03-2023 | 31-03-2023 |
| ജിബിന. എം. എം. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഷീന ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 07-07-2022 |
| ജെസീമ എൽ | ഹെഡ്മിസ്ട്രസ് | 08-07-2022 | 31-03-2023 |
| ദീപ ഫ്രാൻസിസ്.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ജിനു ലാസർ വി.എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ (ഇൻ-ചാർജ്) | 01-06-2022 | 11-01-2023 |
| ആൻസി ജോസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി - റെസിഡൻഷ്യൽ കളക്ഷൻ - വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തുനികുതി-നോൺ റെസിഡൻഷ്യൽ കളക്ഷൻ–വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വസ്തുനികുതി കുടിശ്ശിക - റസിഡൻഷ്യൽ -വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി കുടിശ്ശിക - നോൺ റെസിഡൻഷ്യൽ -വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും സഞ്ചയയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കിലെ മുൻകൂർതുകകൾ - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-9 |
| 11 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ നെഗറ്റീവ് ബാലൻസ്. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ–ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ഡിപ്രിസിയേഷൻ - വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-1-13 |
| 15 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല | 1-1-14 |
| 16 | Prior Period Items-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല. | 1-1-16 |
| 18 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിൽ തെറ്റ് സംഭവിച്ചു. | 1-1-17 |
| 19 | Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി | 1-1-18 |
| 20 | തൊഴിലുറപ്പ് പദ്ധതി - മൂലധനച്ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-19 |
| 21 | ചെലവ് വിവരം സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-20 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ചേർത്തിട്ടില്ല | 1-1-22 |
| 24 | തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തു | 1-1-23 |
| 25 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-1-24 |
| 26 | രാജീവ് ഗാന്ധി ഭവന പദ്ധതി വായ്പ തിരിച്ചടവ് (പാർപ്പിടം)- പലിശ അക്രൂവൽ, വായ്പ മുതൽ, പലിശ എന്നിവയിലേയ്ക്കുള്ള തിരിച്ചടവ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഫണ്ട് വിനിയോഗം | 1-3 |
| 29 | പദ്ധതി അവലോകനം | 1-4 |
| 30 | ക്ഷേമപെൻഷനുകൾ | 1-5 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 32 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 34 | തനത് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത -അവലോകനം | 1-9 |
| 35 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |

| | | |
|---|---|---|
| 36 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11 |
| 37 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 38 | ലൈസൻസ് ഫീ കുറവായി ഈടാക്കി | 1-13 |
| 39 | സി.എസ്.ആർ/സി.ഇ.ആർ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 1-14 |
| 40 | വസ്തുനികുതി-കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം തെറ്റായി നിർണ്ണയിച്ചു | 1-15 |
| 41 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-16 |
| 42 | മണ്ണ് ലേലം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 43 | അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല | 1-18 |
| 44 | ലേലം ഫയൽ ഹാജരാക്കിയില്ല | 1-19 |
| 45 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-20 |
| 46 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-21 |
| 47 | പാലിയേറ്റീവ് കെയർ ആംബുലൻസ് - അപാകതകൾ | 1-22 |
| 48 | വീട് വാസയോഗ്യമാക്കൽ - 2021-22 വർഷം ആദ്യഗഡു കൈപ്പറ്റിയിട്ടും വീട് പണി പൂർത്തിയാക്കിയില്ല | 1-23 |
| 49 | മുട്ടക്കോഴി വളർത്തൽ (വനിത) - വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല - 13,800 രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 50 | മുട്ടക്കോഴി വളർത്തൽ (വനിത) - സ്പിൽ ഓവർ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല -3,600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 51 | കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 52 | കന്നുകുട്ടിപരിപാലനം - സ്പിൽ ഓവർ - വിനിയോഗസാക്ഷ്യപത്രം ലഭ്യമക്കിയിട്ടില്ല | 1-27 |
| 53 | റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തിയാക്കിയിട്ടില്ല -ചെലവുതുക 51000/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 54 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ജിഎസ്ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി -392340 രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 55 | എസ്റ്റിമേറ്റ് ഇല്ലാതെയും കരാറിലേർപ്പെടാതെയും കെഎസ്ഇബി യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മുൻകൂർ നല്കി.1091000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-30 |
| 56 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നിന് മുൻകൂർ -മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല | 1-31 |
| 57 | പോഷകപ്പൊടി, കുമാരി പ്ലസ്സ്, അമൃതം ഫുഡ് സപ്ലൈ- ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും ജിഎസ്ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കുന്നില്ല. | 1-32 |
| 58 | പകൽവീട് ഉപയുക്തമാക്കിയിട്ടില്ല - എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല | 1-33 |
| 59 | ആയുർവ്വേദാശുപത്രിയിലേക്ക് പഞ്ചകർമ്മ ട്രീറ്റ്മെന്റ് റൂം നിർമ്മാണം - എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയില്ല - | 1-34 |
| 60 | തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തിന് ആസ്തി നിർമിക്കുന്ന പ്രോജക്ടുകൾ– മെറ്റീരിയൽ വാങ്ങൽ– അപാകതകൾ | 1-35 |
| 61 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ് | 1-36 |
| 62 | എഗ്രിമെന്റ് വയ്ക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.07.2023 തീയതിയിലെ 4/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 21.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

### 1-1-2 വസ്തുനികുതി - റെസിഡൻഷ്യൽ കളക്ഷൻ - വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" ൽ ഡിമാന്റ്

ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം - റെസിഡൻഷ്യൽ</u>

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3007371 | 7696 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3005035 | 7705 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *(8090 /105X100) = 7705 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

I) കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

II) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-3 വസ്തുനികുതി-നോൺ റെസിഡൻഷ്യൽ കളക്ഷൻ-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

തൻവർഷം – നോൺ റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2153287 | 24406 |

| | | |
|---|---|---|
| പ്രകാരം | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2153034 | 24404 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *(25624 /105X100) = 24404 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

I) കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

II) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-4 വസ്തുനികുതി കുടിശ്ശിക – റസിഡൻഷ്യൽ –വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക - റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 107190 | 70649 | 36824 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 86048 * | 70645 | 36882** |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (22297+68053=90350/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (38726/105X100)=36882 |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

**1-1-5 വസ്തുനികുതി കുടിശ്ശിക – നോൺ റെസിഡൻഷ്യൽ –വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക – നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" | 91990 | 29928 | 62078 |

| | | | |
|---|---|---|---|
| സോഫ്റ്റ്വെയർ പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 92024 | 29928 | 62089 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (32938+63687=96625/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (65193/105X100)=62089, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-6 ലൈബ്രറി സെസ്സ്- വാർഷിക കണക്കും സഞ്ചയയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല

1. ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 153735 | 5512 | 159247 | 153009 | 3573 | 156582 | 437 | | 394 | 1902 | 2296 |
| | നോൺ-റെസിഡൻഷ്യൽ | 109565 | 4621 | 114186 | 108250 | 1498 | 109748 | 410 | | 1222 | 3115 | 4337 |
| | ആകെ | 273433 | | | 266330 | | | 847 | | 6633 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 268829 | | | 266387 | | | | 255630 | 6633 | | |
| | | 259837+8992 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies ലെഡ്ജർ 2022-23) | | | {റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)} | | | | (431910101- State Govt Cess/levies ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 266387/- രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 266330/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ

കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 255630/- രൂപയാണ് {വൌച്ചർ 42201465 തീ. 31.03.2023 (151708+102048+1504+370=255630)}.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 137633/- രൂപയാണ് (8090+38726+25624+65193=137633). ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 6554/- (137633/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 6633/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-1-7 വാർഷിക കണക്കിലെ മുൻകൂർതുകകൾ - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101 - Advance Collection Of Revenues - Property Tax On Residential Building | 20431 | 3805 |
| 2 | 350410101 - Advance Collection Of Revenues - Property Tax On Non-Residential Building | 15824 | 6534 |

2. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 30,145/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "State Govt. Cesses/ Levies In Property Taxes - Control Account" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.1 റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|
| 42201467 | 31.03.2023 | 15,073 |

2.2 നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|
| 42201467 | 31.03.2023 | 15,072 |

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31.03.2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 296380 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 231300 |
| 3 | ലൈവ് സ്റ്റോക്ക് ഫാം | 350410302-Advance Collection Of Revenues-Licence Fees For Livestock Farms | 1550 |
| 4 | മറ്റ് ഫീസുകൾ | 350410399-Advance Collection Of Revenues-Other Fees | 1000 |

### 1-1-8 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01.04.2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

2022-23 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 127 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2023 തീയതിയിൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

അത് പോലെതന്നെ കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരവിനുള്ള ശീർഷകം 130100101 എന്നയിനത്തിലും 31.03.2023 തീയതിയിൽ ഒറ്റ തവണ മാത്രം ഡിമാന്റ് രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-10 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 181453/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-14007700/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-11 ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ നെഗറ്റീവ് ബാലൻസ്.**

ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ ശീർഷകം 251110102-Medical Institution-Aurveda-Maintenanace Of Buildings എന്നയിനത്തിൽ നെഗറ്റീവ് ബാലൻസ് ആണ് (-660 രൂപ) ചേർത്തിരിക്കുന്നത്. 31.03.2023 തീയതിയിൽ വൗച്ചർ നം. 42201434 പ്രകാരം Amount Payable To Other Creditors (ശീർഷകം-350109999) എന്നയിനത്തിൽ ചേർത്തതിനാലാണ് (ക്രെഡിറ്റ്) ഇത്തരത്തിൽ നെഗറ്റീവ് ബാലൻസ് വന്നിട്ടുള്ളത്. ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്തിയതിന്റെ കാരണം സംബന്ധിച്ച മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-12 ആസ്തി രജിസ്റ്റർ-ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല**

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

**1-1-13 ഡിപ്രിസിയേഷൻ - വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല**

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 34644254/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം Plant & Machinery എന്നയിനത്തിന് 7646/- രൂപ തേയ്മാനവും ബാലൻസ് ഷീറ്റ് പ്രകാരം 63,841/- രൂപ Accumulated Depreciation ഉം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ ആസ്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-14 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7 /2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-15 Prior Period Items-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “290000000- Prior Period Expenditure” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800601 –Prior Period Expenses - Revenue Grants & Contributions | -597734 |

.

**1-1-16 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.**

31.03.2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം "Capital Contribution” എന്ന ഇനത്തിലെ 68681912/- എന്ന അതേ തുകയാണ് 31.03.2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം

കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-17 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിൽ തെറ്റ് സംഭവിച്ചു.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 162960946 |
| ആകെ ചെലവ് (B)* | | 179699779 |
| മിച്ചം തുക C= A-B | | -16738833 |
| Prior Period Income (I-19) | 102160 | |
| Prior Period Expenditure (I-18) | -646996 | |
| Net Difference Between Prior Period Income And Expenses (D) {(I-19)- (I-18)} | | -544836 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | -16193997 |

എന്നാൽ മേൽ പ്രകാരം (I-19)- (I-18) എന്നത് കണക്കാക്കിയപ്പോൾ 749156 രൂപ വരേണ്ടിയിരുന്നതും Gross Surplus/deficit Of Income Over Expenditure After Prior Period Items (E) ആയി -15989677 രൂപയുമാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ 31.03.23 ലെ ബാലൻസ് ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പായി -15989677 രൂപ ചേർത്തിട്ടുള്ളത് ശരിയാണ്.

## 1-1-18 Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി

31.03.2023 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് Income And Expenditure Account ൽ മിച്ച തുകയായി കണക്കാക്കേണ്ടിയിരുന്ന ശരിയായ -15989677 രൂപയായിരുന്നു.

| | |
|---|---|
| 31.03.2022 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -14,34,175 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | -15989677 |
| 31.03.2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | -1,74,23,852 |

എന്നാൽ 31.03.2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് -1,74,23,352 രൂപയാണ്. വ്യത്യാസമുള്ള തുക ട്രയൽ ബാലൻസിൽ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ 500/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പാണ്. മേൽ ശീർഷകത്തിലെ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-19 തൊഴിലുറപ്പ് പദ്ധതി – മൂലധനച്ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം [ഷെഡ്യൂൾ I-6, I-14(F)] തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31411830/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ റോഡ് നിർമ്മിക്കുന്നതിനുള്ള 665649/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ഗിൽഗാൽ കോൺക്രീറ്റ് റോഡ് നിർമ്മാണം | 261471 |
| 2 | മുട്ടിത്തടി പാറമട് റോഡ് | 16172 |
| 3 | പച്ചളിപ്പുറം കോൺക്രീറ്റ് റോഡ് നിർമ്മാണം | 34130 |
| 4 | ചുടല വഴി കോൺക്രീറ്റ് റോഡ് നിർമ്മാണം | 9718 |
| 5 | സുനേത്രി കോൺക്രീറ്റ് റോഡ് നിർമ്മാണം റീച്ച് 2 | 30386 |
| 6 | ആഴ്ങ്ങാടൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | 55674 |
| 7 | മാക്കിലക്കുളം കോൺക്രീറ്റ് റോഡ് നിർമ്മാണം | 42644 |
| 8 | അയ്യങ്കോട് പുല്ലത്തി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 207679 |
| 9 | തയ്യാലക്കൽ കോൺക്രീറ്റ് റോഡ് നിർമ്മാണം | 7775 |
| | ആകെ | 665649 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 665649/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 665649/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-1-20 ചെലവ് വിവരം സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

പ്രൊജക്റ്റ് നം. 39/23, ലാബ് ഉപകരണങ്ങൾ വാങ്ങൽ എന്ന തനത് ഫണ്ടിൽ നിന്നും 15,242/- രൂപ ചെലവഴിച്ച് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റ്, സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-21 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടിലെ തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.03.23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 100000 | 450210104 | Treasury Special TSB – Joint Venture - (799011400001348) | 0 |
| 2 | 320700105 | Contributions For Joint Venture Projects (For Capital Expenditure) – From District Panchayats | 1300000 | | | |
| 3. | 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 178576 | | | |
| 4 | 320700205 | Contributions | 140000 | | | |

| | | | | |
|---|---|---|---|---|
| | | For Joint Venture Projects (For Revenue Expenditure) – From District Panchayats | | |

സംയുക്ത പ്രൊജക്ടിനായി നിലവിൽ നേരിട്ട് തുക കൈമാറുന്നതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം മുൻവർഷങ്ങളിലെ നീക്കിയിരിപ്പായി കാണുന്ന തുകയുടെ കൃത്യത പരിശോധിച്ച് വാർഷിക കണക്കിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-22 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ചേർത്തിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Union Bank Of India (520101062678813) | 7741 |
| 2 | 450210101 | Union Bank Of India (520101062636509) | 1262 |

.

**1-1-23 തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തു**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവുകൾ തെറ്റായി ബുക്ക് ചെയ്തത് താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിർവ്വഹണ ഉദ്യഗസ്ഥൻ | വൗച്ചർ നമ്പർ | തീയതി | തുക | ബുക്ക് ചെയ്ത ശീർഷകം | ചെലവിന്റെ വിവരങ്ങൾ | ഓഡിറ്റിന്റെ അഭിപ്രായം |
|---|---|---|---|---|---|---|---|
| 104/23-ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ (തനത് ഫണ്ട്) | അസിസ്റ്റന്റ് സെക്രട്ടറി | 42200999 | 31.3.23 | 23930 | 414150111 Social Security-Work Training Equipments For Buds Rehabilitation Centre | ദീപം കുട എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് 3741 തീ 31.3.23 പ്രകാരം ബഡ്സ് സ്കൂളിലേയ്ക്ക് കുട നിർമ്മിക്കുന്ന തിനുള്ള സാമഗ്രികൾ വാങ്ങിയത് | കുട നിർമ്മിക്കുന്ന തിനുള്ള സാമഗ്രികൾ വാങ്ങിയത് റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നതിന് പകരം ആസ്തിയായി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ബുക്ക് ചെയ്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി |
| 121/23- അങ്കണ വാടികൾക്ക് വാട്ടർ ടാങ്ക് (മെയിന്റനൻസ് നോൺ റോഡ്) | സെക്രട്ടറി | **42201240** | 10.3.23 | 20750 | 251170104 Anganwadi Related Services | ഗ്രേസ് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്ന് 4881 തീയതി 14.2.23 ബിൽ പ്രകാരം 5 വാട്ടർ ടാങ്കുകൾ വാങ്ങി അങ്കണ വാടികൾക്ക് വിതരണം ചെയ്തത്. | വാട്ടർ ടാങ്കുകൾ വാങ്ങിയത് ആസ്തിയായി ബുക്ക് ചെയ്യാതെ റവന്യൂ ചെലവായി ബുക്ക് ചെയ്തു. |
| 158/23- ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ (വികസന ഫണ്ട്) | സെക്രട്ടറി | **42201043** | 19.8.22 | 50000 | 251220007 Improvement Of The Service Of Local Governments -Purchase Of Hardware | സാം എനർജി തൃശ്ശൂർ എന്ന സ്ഥാപനം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഇൻവെർട്ടർ സപ്ലൈ ചെയ്തതിനും സ്ഥാപിച്ചതിനുമുള്ള ചെലവ് (ബിൽ നമ്പർ 713, 716 തീയതി 5.8.22 പ്രകാരം 49,500/-, 500/- രൂപ) | ഇൻവെർട്ടർ വാങ്ങി സ്ഥാപിച്ചത് ആസ്തിയായി ബുക്ക് ചെയ്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് പകരം റവന്യൂ ചെലവായി ബുക്ക് ചെയ്തു. |
| 209/23- എസ് സി സാംസ്കാരിക നിലയം വാട്ടർ ടാങ്കിന് സ്റ്റാന്റ് (വികസന ഫണ്ട്- ജനറൽ) | സെക്രട്ടറി | **42201090** | 22.10.22 | 20,000 | 251101205 Infrastructure For Arts- Culture- Sports And Youth Welfare- Increasing | സെന്റ് മേരീസ് എഞ്ചിനീയറിംഗ് വർക്സിന്റെ 3.9.2022 ലെ ബിൽ പ്രകാരം (നമ്പർ ഇല്ല) ആദൂർ സാസ്കാരിക കേന്ദ്രത്തിലേയ്ക്ക് വാട്ടർ ടാങ്ക് സ്റ്റാന്റ് | വാട്ടർ ടാങ്ക് സ്റ്റാന്റ് നിർമിച്ചത് ആസ്തിയായി ബുക്ക് ചെയ്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | Facilities In Cultural Centres | നിർമ്മിച്ചതിന് നല്കിയ തുക | ത്തുന്നതിന് പകരം റവന്യൂ ചെലവായി ബുക്ക് ചെയ്തു. |
| 28/23- അങ്കണവാടികൾക്ക് അവശ്യവസ്തു വാങ്ങി നല്കൽ (മെയിന്റനൻസ് നോൺ റോഡ്) | **ഐസിഡിഎസ് സൂപ്പർവൈസർ** | **42201284** | 18.3.23 | 99917 | 251170104 Anganwadi Related Services | BPRO SOLUTIONS ന്റെ AA 28 തീയതി 7.3.23 ബിൽ പ്രകാരം അങ്കണവാടികൾക്ക് 31 സ്റ്റീൽഡ്രം (25 ലിറ്റർ), 32 സ്റ്റീൽഡ്രം (20 ലിറ്റർ) എന്നിവ വാങ്ങി നല്കിയത്. | ആസ്തികൾ വാങ്ങിയത് റവന്യൂ ചെലവായി ബുക്ക് ചെയ്തു. |

ഇപ്രകാരം തെറ്റായ ശീർഷകങ്ങളിൽ ചെലവ് ബുക്ക് ചെയ്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവ മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ആസ്തികൾ വാങ്ങിയത് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയ ട്രാൻസാക്ഷനുകൾ 2023-24 സാമ്പത്തിക വർഷത്തിൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനായി അതാത് ആസ്തി ശീർഷകങ്ങളിലേയ്ക്ക് Debit നല്കി, Prior Period Items ലേയ്ക്ക് ക്രമീകരിക്കേണ്ടതാണ് (Credit). റവന്യൂ ചെലവുകൾ തെറ്റായി ആസ്തിയായി രേഖപ്പെടുത്തിയവ റദ്ദാക്കുന്നതിനായി ആ ശീർഷകത്തിൽ Credit നല്കി Prior Period Items ലേയ്ക്ക് ക്രമീകരിക്കേണ്ടതാണ് ( Debit). (ഓഡിറ്റ് എൻക്വയറി 9 തീയ്യതി 24/11/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-1-24 മുൻകൂർ ക്രമീകരിച്ചിട്ടില്ല

1) ശീർഷകം 460100105 – Tour Travelling Allowance Advance എന്ന ഇനത്തിൽ 23.04.2022 തീയതിയിൽ 2,500/- രൂപ സെക്രട്ടറി & അസി. സെക്രട്ടറിയ്ക്കായി നൽകിയിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

2) ശീർഷകം 460500202 – Advance To KSEB

2020-21 വർഷം മുൻകൂർ നൽകിയ 1194532/- രൂപ 01.04.2021 ന് മുൻബാക്കിയായി നിൽക്കുന്നുണ്ട്. ഇതോടൊപ്പം 2021-22 വർഷം നൽകിയ തുകകളും ചേർത്ത് 31.03.2022 ന് 2303040/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയോ തുക തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല. നിജസ്ഥിതി പരിശോധിച്ച് പൂർത്തിയായ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തുക തിരികെ ലഭിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-1-25 രാജീവ് ഗാന്ധി ഭവന പദ്ധതി വായ്പ തിരിച്ചടവ് (പാർപ്പിടം)- പലിശ അക്യൂവൽ, വായ്പ മുതൽ, പലിശ

എന്നിവയിലേയ്ക്കുള്ള തിരിച്ചടവ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ /തീയതി | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 108- രാജീവ് ഗാന്ധി ഭവന പദ്ധതി വായ്പ തിരിച്ചടവ് (പാർപ്പിടം) | വികസനഫണ്ട് (ജനറൽ)- 1000000 | 42201040/11-8-22 | 1000000 | 251140004- Housing- Individual Programmes- House Construction |
| | തനത് ഫണ്ട് -762128 | 42200356/24-08-2022<br>42200696/18-01-2023<br>42200838/28-02-2023<br>42200988/31-03-2023 | 271742<br>254377<br>179025<br>56984<br>**1762128** | **251240401 Loan Repayment- Housing- Loan Repayment** |

മേൽ പ്രോജക്റ്റ് പ്രകാരം TDCB പുതുക്കാട് ബ്രാഞ്ചിൽ നിന്നും രാജീവ് ഗാന്ധി ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പ മുതൽ തുകയിലേയ്ക്കും പലിശ തുകയിലേയ്ക്കും വികസനഫണ്ടിൽ നിന്നും 1000000 രൂപയും തനത് ഫണ്ടിൽ നിന്ന് 762128 രൂപയും അടവാക്കിയിട്ടുണ്ട്. 31.3.22 വരെ മുതൽ തിരിച്ചടവ്, പലിശ തിരിച്ചടവ്, മുതൽ ബാക്കി, പലിശ ബാക്കി എന്നിങ്ങനെ വേർതിരിച്ച് വായ്പ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 2022-23 ൽ ഇപ്രകാരം രേഖപ്പെടുത്തൽ ഇല്ല. ബാങ്കിന്റെ ലോൺ അക്കൗണ്ട് (നമ്പർ 8000...1160) സ്റ്റേറ്റ്മെന്റ് പ്രകാരവും പഞ്ചായത്തിന്റെ കണക്ക് പ്രകാരവും ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ***(ഗ്രാമപഞ്ചായത്തിന്റെ പഴയ ഈ വായ്പ 440500101-Prepaid Programme Expenses Method ൽ ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്)***

| | വായ്പ രജിസ്റ്റർ പ്രകാരം | വാർഷികകണക്ക് പ്രകാരം (330500102 - Secured Loan From Co-Operative Banks) | ബാങ്ക് അക്കൗണ്ട് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| മുൻബാക്കി | മുതൽ | 7474143 | 7474143 | ലഭ്യമല്ല | |
| | പലിശ | 10724 | -- | | |
| | **ആകെ** | **7484867** | **7474143** | **7459958** | **- 14185** |
| തൻവർഷ വായ്പ | മുതൽ | വിവരങ്ങൾ ചേർത്തിട്ടില്ല | -- | -- | -- |
| | പലിശ | " | -- | 693076 | +693076 |
| | **ആകെ** | " | **--** | **693076** | **+693076** |
| ആകെ തിരിച്ചടക്കേണ്ടത് | മുതൽ | " | 7474143 | -- | |
| | പലിശ | " | -- | -- | |
| | **ആകെ** | " | **7474143** | **8153034** | **+678891** |
| തിരിച്ചടവ് | മുതൽ | " | -- | -- | |
| | പലിശ | " | -- | -- | |
| | **ആകെ** | " | **1083237** | **1762128** | **-678891** |
| ബാക്കി | മുതൽ | " | -- | -- | |
| | പലിശ | " | -- | -- | |
| | **ആകെ** | " | **6390906** | **6390906** | **ഇല്ല** |

ആകെ തിരിച്ചടവ് തുകയായ **1762128/-** രൂപ ബാങ്ക് വായ്പ അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളതാണ്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്. ഈ തുകയാണ് യഥാർത്ഥത്തിൽ 440500101-Prepaid Programme Expenses ലും 330500102 - Secured Loan From Co-Operative Banks എന്ന ശീർഷകത്തിലും ചേർക്കേണ്ടിയിരുന്നത്. എന്നാൽ ഈ ലെഡ്ജർ അക്കൗണ്ടുകളിൽ 1083237/- രൂപ മാത്രമേ മുതൽ + പലിശ ചെലവ് ആയി രേഖപ്പെടുത്തിയിട്ടുള്ളൂ. ഇപ്രകാരം തെറ്റായ തുക രേഖപ്പെടുത്തിയാണ് ബാങ്കിന്റെ ലോൺ അക്കൗണ്ടുമായി വാർഷികകണക്കുകൾ പൊരുത്തപ്പെടുത്തിയിട്ടുള്ളത്.

1. സർക്കാർ ഉത്തരവ് 152/11/തസ്വഭവ തീയ്യതി 26/7/11 ൽ "Borrowings" എന്ന ശീർഷകത്തിനു താഴെ ഉപഖണ്ഡിക 'A' പ്രകാരം വായ്പ പലിശ അടയ്ക്കാൻ ബാധ്യത ഉണ്ടാകുമ്പോൾ തന്നെ അക്രൂവൽ ആയി രേഖപ്പെടുത്തേണ്ടതുണ്ട്. ഈ വായ്പയുടെ പലിശ പ്രതിമാസം അക്രൂ ചെയ്യുന്നതിനാൽ പലിശ അടവാക്കാനുള്ളതായി പ്രതിമാസ രേഖപ്പെടുത്തൽ വരുത്തേണ്ടതും (പലിശ അടച്ചാലും ഇല്ലെങ്കിലും) പലിശ അടവാക്കുമ്പോൾ ആയതിന്റെ ബാധ്യത ശീർഷകത്തിൽ പേയ്മെന്റ് രേഖപ്പെടുത്തേണ്ടതുമാണ്.

2. ബാങ്കിൽ നിന്നും മുതൽ, പലിശ എന്നിവയിലേയ്ക്കുള്ള അടവ് എത്രയാണെന്ന് വിവരങ്ങൾ ലഭ്യമാക്കി ലെഡ്ജറുകളും വായ്പ രജിസ്റ്ററും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

മേൽപ്രകാരം ചെയ്യാത്തതിനാലാണ് വർഷാന്ത്യത്തിൽ തെറ്റായ തുകകൾ രേഖപ്പെടുത്തി വാർഷിക കണക്കും ബാങ്ക് വായ്പ അക്കൗണ്ടും പൊരുത്തപ്പെടുത്തേണ്ടി വന്നത്. (ഓഡിറ്റ് എൻക്വയറി 20 തീയതി 24/11/23, മറുപടി

ലഭ്യമാക്കിയിട്ടില്ല.)

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 15.03.2022, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 209360399 | 216129250 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 29.03.2023, തീരുമാനം നം. 3[1](b) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 228279957 | 230027498 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18087000 | 18087000 | 16,586,987 | 1500013* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5667000 | 5667000 | 4810409 | 856591* |
| മെയിന്റനൻസ്, റോഡ് | 0 | 12910000 | 12910000 | 6,200,064 | 6709936* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7176000 | 7176000 | 6,259,888 | 916112* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് -ടൈഡ്) | 1821125 | 4718000 | 6539125 | 5332019 | 1207106 ** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – | 91512 | 3339986 (പലിശ 194986ഉൾപ്പെടെ) | 3431498 | 2747609 | 683,889.00** |

| | | | | | |
|---|---|---|---|---|---|
| അടിസ്ഥാന ഗ്രാന്റ്) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | | 292148 | 292148 | 239072 | 53076* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | | 63695 | 63695 | - | 63695* |
| പൈക്ക | 4000 | | 4000 | | 4000** |
| സ്വച്ഛ ഭാരത് അഭിയാൻ | 1759162 | 288000 | 2047162 | 713187 | 1333975** |
| നിർമ്മൽ പുരസ്കാർ | 402820 | - | 402820 | - | 402820** |
| കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്- ആയുർവേദ | | 450000 | 450000 | | 450000** |
| ഐ.സി.ഡി.എസ്. | 371531 | 842220 | 1213751 | 792492 | 421259** |
| ലൈഫ് | 1384219 | 1914299 | 3298518 | 1510000 | 1788518** |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1775671 | | 1775671 | 608105 | 1167566** |
| ഹെൽത്ത് ഗ്രാന്റ് പി.എച്ച്.സി കൾ വെൽനെസ്സ് സെന്റർ ആക്കി മാറ്റുന്നതിനുള്ള ഗ്രാന്റ് | | 268341 | 268341 | 132873 | 135468** |
| ഹെൽത്ത് ഗ്രാന്റ് പി.എച്ച്.സി കളുടെ പശ്ചാത്തല സൗകര്യം | 0 | 136927 | 136927 | 106,468.00 | 30459 ** |

1) വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന്

ശേഷമുള്ള തുകയാണ് ചേർത്തിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.മേൽഅപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 223 | 127583674 | 146 | 60271406 | 65.47% | 47.24% |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1440 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5151600.00 | 398 |
| വിധവാ പെൻഷൻ | 13167600.00 | 1077 |
| വാർദ്ധക്യകാല പെൻഷൻ | 28737900.00 | 2327 |
| വികലാംഗ പെൻഷൻ | 4135400.00 | 318 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1251200.00 | 100 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000.00 | 11 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 657549 | 657549 | 657549 | 0* |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28357435 | 28357435 | 28357435 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 2396846 | 2396846 | 2396846 | 0 |
| ആകെ | 0 | 31411830 | 31411830 | 31411830 | 0* |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2023 തീയതിയിൽ 3:15 PM ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള 13561/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഓഡിറ്റ് സർട്ടിഫിക്കറ്റിനോടനുബന്ധിച്ചുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 തനത് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത -അവലോകനം

**I) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

01-04-2022 മുതൽ 31-03-2023 വരെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആയതിൽ 10.10.2022 ചേർന്ന യോഗത്തിൽ വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് ക്യാമ്പ് സംഘടിപ്പിക്കുകയും ഡിമാൻഡ് നോട്ടീസ് നൽകിയും ഫീൽഡ് കളക്ഷൻ നടത്തിയും റവന്യു റിക്കവറി ചെയ്ത കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴികെ 100% നികുതി പിരിവ് പൂർത്തിയാക്കിയിട്ടുണ്ട്. 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിച്ചിട്ടില്ല. ഭരണ സമിതിയിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും നികുതി നികുതിയേതര വരുമാനം സംബന്ധിച്ച് അവലോകനം നടത്തി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയിതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. (ഓഡിറ്റ് അന്വേഷണം നം.01/20.11.2023)

**Ii) വസ്തുനികുതി**

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ 29.04.2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3/1(A) നമ്പർ ശിപാർശ പ്രകാരം ഭരണ സമിതി 15.07.2023 ലെ 6/1 നമ്പർ തീരുമാനമായി ഭരണസമിതി അംഗീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. പുതുക്കിയ നിരക്കിൽ ആണ് നിലവിൽ നികുതി ഈടാക്കുന്നത്. ഡാറ്റാ

പ്യൂരിഫിക്കേഷൻ നടത്തുന്നതിനു വേണ്ടിയുള്ള സർവ്വേ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ പുരോഗമിക്കുന്നു. നിലവിൽ ഡാറ്റാ അപ്ഡേഷൻ നടത്തുന്നതിന് IKM സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധിക്കുകയും ആയതിനെതിരെ തുടർ നടപടി സ്വീകരിച്ചിട്ടുമുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് യു.എ നമ്പർ ചുമത്തുകയും രണ്ട് ഇരട്ടി വസ്തുനികുതി ഈടാക്കിയിട്ടുമുണ്ട്. (ഓഡിറ്റ് അന്വേഷണം നം.01/20.11.2023).

**Iii) സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) പിരിച്ചെടുക്കുന്നുണ്ട്. കൂടാതെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് 5% സർവീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

**Iv) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ രണ്ടോ അതിനു മുകളിലോ ജീവനക്കാർ/തൊഴിലാളികളുള്ള സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ആയവയ്ക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ ശമ്പള വിവരങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയവരിൽ നിന്നും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

**V) വിനോദനികുതി**

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, വിനോദസഞ്ചാരസാധ്യതകൾ ഉള്ള സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. ആയതിനാൽ വരുംവർഷങ്ങളിൽ ഇത്തരം പ്രദർശന/ വിപണന മേളകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**VI. നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും

സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

പഞ്ചായത്തിനോടനുബന്ധിച്ച ഒരു റൂം വാടകയ്ക്ക് നൽകിയതിൽ നിന്നും പഞ്ചായത്തിന് വാടക ഇനത്തിൽ വരുമാനമുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. ആയതിൽ മണ്ണ് ലേലം യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനമില്ല.

(3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഇൻസാർ ഗോൾഡ് | 6/75 | 6 |
| 2. | TVS ടിംബേർസ് & സോമിൽ ഇൻഡസ്ട്രി | 15/110 | 4 |
| 3. | കെ.ആർ എഞ്ചിനീയറിംഗ് വർക്ക്സ് | 5/228 | 6 |
| 4. | സി.വി ബ്രദേഴ്സ് | 7/6 | 3 |
| 5. | 7 സ്റ്റാർ ഇൻഡസ്ട്രീസ് | 4/265 | 6 |

| | | | |
|---|---|---|---|
| 6. | ആര്യാഞ്ജനം | 3/272 | 3 |
| 7. | എലൈറ്റ് സ്പെഷ്യലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് | 14/132 | 6 |
| 8. | R.K ഗോൾഡ് ഷോപ്പ് | 5/259 | 3 |
| 9. | അത്തം ഫുഡ് പാർക്ക് | 14/133 | 5 |
| 10. | വീപീസ് ടൈൽസ് | 1/298 | 4 |
| 11. | സെന്റ്. ട്രീസാസ് സെറാമിക്സ് | 17/463 | 20 |
| 12. | മോഡേൺ വുഡ് ഇൻഡസ്ട്രീസ് | 14/253 | 3 |
| 13. | ചൈത്രം സെറാമിക്സ് | 1/86 | 6 |
| 14. | സുപ്രീം പോളിമേഴ്സ് | 15/495 | 5 |
| 15. | ലക്ഷ്മിദേവി സെറാമിക്സ് | 12/254 | 20 |
| 16. | ബാലാജി ടൈൽസ് & സെറാമിക്സ് | 6/267B | 7 |
| 17. | പോളിവൺ പോളിമേഴ്സ് | 2/8 | 6 |
| 18. | മരിയ ബ്രിക്ക്സ് | 2/7 | 7 |
| 19. | മരിയ കോൺക്രീറ്റ് ബ്രിക്ക്സ് | 2/9 | 4 |
| 20. | കെ.സി എന്റർപ്രൈസസ് | 1/259 | 10 |
| 21. | അന്ന വുഡ് ഇൻഡസ്ട്രീസ് | 3/234 | 5 |
| 22. | പ്രിയദർശിനി ക്ലേ വർക്ക്സ് | 16/04 | 8 |
| 22. | സത്യ ഇൻഡസ്ട്രീസ് | 12/377 | 4 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.16/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ

സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ ഉടമകളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.15/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | SBI കല്ലൂർ, മാവിൻ ചുവട് | II |
| 2. | യൂണിയൻ ബാങ്ക്, കല്ലൂർ | II |
| 3. | കാനറ ബാങ്ക് | II |
| 4. | തലോർ സർവീസ് സഹകരണ ബാങ്ക് | II |
| 5. | കല്ലൂർ സർവീസ് സഹകരണ ബാങ്ക് | II |
| 6. | കല്ലൂർ ചിറ്റ്സ് & ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | I |
| 7. | കല്ലൂർ കള്ളുഷോപ്പ് | I&II |
| 8. | വെള്ളാനിക്കോട് കള്ളുഷോപ്പ് | I&II |
| 9. | ആലങ്ങാട് കള്ളുഷോപ്പ് | I&II |
| 10 | കോനിക്കര കള്ളുഷോപ്പ് | I&II |

**II. ഓഡിറ്റോറിയങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഓഡിറ്റോറിയത്തിന്റെ ഉടമകളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.15/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 2/435E | പ്രൊഫ.ടി.കെ.പരശുരാമൻ,പ്രസിഡൻറ്, തൃക്കൂർ മഹാദേവനു വേണ്ടി തൃക്കൂർ മഹാദേവ ക്ഷേത്രഭക്ത ജന സംഘടന | ഓഡിറ്റോറിയം |
| 2. | 5/355 | മതിക്കുന്ന് ഭഗവതി ക്ഷേത്രസമിതി,തൃക്കൂർ | കല്യാണമണ്ഡപം |
| 3. | 7/382 | കൊച്ചപ്പൻ മകൻ പോൾ, തെക്കേക്കര ഹൌസ്,പി ഒ കല്ലൂർ കോട്ടായി | ഓഡിറ്റോറിയം |
| 4. | 9/75L | കൊച്ചുത്രേസ്യ, തട്ടിൽപഴങ്കാരൻ വീട്,ആലേങ്ങാട് | ഓഡിറ്റോറിയം |
| 5. | 14/385A | സീന, മാങ്ങൻവീട്(സൈമൺസ് റീജൻസി),കല്ലൂർ | കല്യാണമണ്ഡപം |
| 6. | 15/485A | വികാരി, കല്ലൂർ വെസ്റ്റ് | ഓഡിറ്റോറിയം |
| 7. | 16/307 | എൻ എസ് എസ് കരയോഗം ഹാൾ, കല്ലൂർ | ഓഡിറ്റോറിയം |
| 8. | 16/308 | എൻ എസ് എസ് കരയോഗം ഹാൾ, കല്ലൂർ | ഓഡിറ്റോറിയം |

**1-12 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരവും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരവും പഞ്ചായത്ത് പരിധിയിൽ 2022-23 കാലയളവിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

**1. രാജേഷ് പി.ആർ**

**2. കെ.പി സാനു**

**3. രമേശ് കെ**

**4. സാബു ഓ.കെ**

**5. പ്രസാദ് പി.എസ്**

**6. ജയൻ വി.ടി**

**7. മനോജ് റാഫേൽ**

**8. അജിത്ത് തോമസ്**

**9. മാധവൻ കുട്ടി വി.പി**

**10. കെ.ആർ പോൾസൺ**

**11. ഉണ്ണികൃഷ്ണൻ എൻ**

**12. നിജോ കെ.വി**

**13. തോമസ് കെ.എ**

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോയെന്നും അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാനും. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.16/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി കരാറുകാരിൽ നിന്നും വരുമാനത്തിനനസൃതമായി തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീ കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഉൽപ്പാദന മേഖലയിൽ 1 കോടി മുതൽ 5 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 5000 രൂപയും, 5 കോടി മുതൽ 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 10000 രൂപയും, സേവന മേഖലയിൽ 50 ലക്ഷം മുതൽ 2 കോടി വരെ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 5000 രൂപയും, 2 കോടി മുതൽ 5 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 10000 രൂപയും, 5 കോടി രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 15000 രൂപയും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

2022-23 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്ററും, ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും,അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള സാക്ഷ്യപത്രത്തിലും, സ്ഥാപന ഉടമ സമർപ്പിച്ച അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**I. PCB കൺസെന്റിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ | സ്ഥാപനം | മേഖല | പൊല്യൂഷൻ | PCB പ്രകാരമുള്ള | നിലവിൽ | ഈടാക്കേണ്ടിയിരുന്ന | കുറവ് |
|---|---|---|---|---|---|---|---|

| നം. | | | കൺട്രോൾ ബോർഡ് കൺസന്റ് നമ്പർ | സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം | ഈടാക്കുന്ന ലൈസൻസ് ഫീ | ലൈസൻസ് ഫീ | ഈടാക്കിയത് |
|---|---|---|---|---|---|---|---|
| 1. | തട്ടിൽ ഗ്രാനൈറ്റ്സ് (ക്രഷർ യൂണിറ്റ്) - 4/156 | ഉൽപാദന മേഖല | PCB/HO/TSR/ ICO-R/08/2015 തീ.30.09.2015 & PCB/DO /TSR/R2 /8019/2018 തീ.15/06/2018 | 13174360/- | 2000 | 5000 | 3000 |
| 2. | തട്ടിൽ ഗ്രാനൈറ്റ്സ് (ക്വാറി) | ഉൽപാദന മേഖല | R18TSRCTOA621 6771 തീ.27.03.2018 | 170000000/- | 2000 | 15000 | 13000 |

**II. അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ**

| സ്ഥാപനം | മേഖല | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | നിലവിൽ ഈടാക്കുന്ന ലൈസൻസ് ഫീ | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീ | കുറവ് ഈടാക്കിയത് |
|---|---|---|---|---|---|
| BRD മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | സേവന മേഖല | 30,00,00,000/- | 10000 | 15000 | 5000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് തുക ഈടാക്കിയതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/24.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും യഥാർത്ഥ ലൈസൻസ് ഫീസ് ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സി.എസ്.ആർ/സി.ഇ.ആർ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ചുവടെ പറയുന്ന ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്വാറി ഉടമകൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) താഴെ കാണും വിധം സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ നടത്താമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട CSR ഫണ്ട് വിനിയോഗത്തിന്റെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.

| | | | |
|---|---|---|---|
| സ്ഥാപനം | | തട്ടിൽ ഗ്രാനൈറ്റ്സ് (സർവ്വേ നം.IV/66 PART YARD ) | |
| ഉടമസ്ഥൻ | | എം.ജെ ജോസ് | |
| പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | | 958/SEIAA /ECI/4434/2015 തി.29.12.2017 | |
| ക്രമ നം. | വിശദാംശം | തുക | റിമാർക്സ് |
| 1. | Contributions For Marriages To Poor/needy People/handicapped And Etc.,(Trikkur & Kallur) (Rs.25000/- Each For Eight Peoples) | 2,00,000/- | Yearly |
| 2. | Donation For Nearby Villages( Trikkur & Kallur) For Festivals And Cultural Programmes.(Rs.100000/- Each Village) | 2,00,000/- | Yearly |
| 3. | Medical Checkup Camps For The Nearby Villages( Trikkur & Kallur) And Extending Medicine Facilities To Locals ( Rs.100000/- Each Village) | 2,00,000/- | Yearly |
| 4. | Repairing Public Roads And Bridges | 4,00,000/- | Yearly |
| 5. | Providing Or Funding For The Construction Of Houses For Needy/poor | 3,20,000/- | Yearly |

| | | | |
|---|---|---|---|
| | Families(Rs.40000/- Each For Eight Peoples) | | |
| 6. | Supply Of School Books To Trikkur & Kallur Government Schools | 2,00,000/- | Yearly |
| 7. | Providing Scholarship To The Students Of Trikkur & Kallur Government Schools | 1,00,000/- | Yearly |
| | ആകെ | 16,20,000/- | |

II.

| | |
|---|---|
| സ്ഥാപനം : | സെന്റ്.മേരീസ് ക്വാറി (സർവ്വേ നം.V/127) |
| ഉടമസ്ഥൻ | ബിജു പി സെബാസ്റ്റ്യൻ |
| പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | B1/21378/2017/DEIAA/TSR തി.29.05.2018 |
| CSR വിശദാംശം | 1. Promotion Of Education<br>2. Environmental Sustainability<br>3. Health Care<br>4. Social Aspects<br>* A Total Amount Of 875000/- Is Proposed For CSR Activities(Recurring And Non Reccuring) Per Year |

ഇത്തരം സാമൂഹ്യ ബാധ്യതാ ഫണ്ടുകൾ, തദ്ദേശ സ്ഥാപനം വഴി ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് 19.04.2022 ലെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ സ്ഥാപനങ്ങൾ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ,ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്ററിംഗ് തുടങ്ങി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സി.എസ്.ആർ/സി.ഇ.ആർ പ്രവർത്തനങ്ങൾ പഞ്ചായത്ത് മുഖേന നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി-കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം തെറ്റായി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും,വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ 2022-23 സാമ്പത്തികവർഷം നമ്പർ അനുവദിക്കുകയോ/നികുതി പുനർനിർണയം നടത്തുകയോ ചെയ്ത ചുവടെ പറയുന്ന കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ അപേക്ഷകൻ സമർപ്പിച്ച രേഖകളിൽ കെട്ടിടങ്ങളിലേക്കുള്ള പ്രവേശനം 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുമാണെങ്കിലും ആയവയ്ക്ക് 1.5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുമുള്ള പ്രവേശനം നൽകി വസ്തുനികുതിയിൽ വർദ്ധനവോ ഇളവോ നൽകിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് (രൂപ/ച.മീ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിരുന്ന നികുതി |
|---|---|---|---|---|---|
| 1/49A | 224.70 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 | 11124(10112+LC 506+സേവന ഉപനികുതി 506) (മേൽക്കൂര-10%, ഇളവ്) | 13595(12359+LC 618+സേവന ഉപനികുതി 618) (വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തുമ്പോൾ) |
| 14/22E | 349.98 | ഇതര വ്യവസായത്തിന് ആവശ്യമുള്ളവ | 40 | 12320(11200+ LC 560+സേവന ഉപനികുതി 560) (മേൽക്കൂര-10%, കാലപ്പഴക്കം-10% ഇളവ് ഇളവ്) | 15399(13999+LC 700+സേവന ഉപനികുതി 700) (വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തുമ്പോൾ) |
| 14/22F | 390.96 (314.13+76.83) | ഇതര വ്യവസായത്തിന് ആവശ്യമുള്ളവ | 40 | 13763(12511+ LC 626+സേവന ഉപനികുതി 626) (മേൽക്കൂര-10%, | 17202(15638+LC 782+സേവന ഉപനികുതി 782) (വഴിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | കാലപ്പഴക്കം-10% ഇളവ്) | അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തുമ്പോൾ) |
| 14/22R UA | 71.28 | ഇതര വ്യവസായത്തിന് ആവശ്യമുള്ളവ | 40 | 8468(7698+ LC 385+സേവന ഉപനികുതി 385) (മേൽക്കൂര-10% ഇളവ്) | 10349(9409+LC 470+സേവന ഉപനികുതി 470) (വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തുമ്പോൾ) |

മേൽ കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം തെറ്റായി നിർണ്ണയിച്ചതിനും, ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്താത്തതിനും മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.22/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ പ്രവേശനമാർഗ്ഗത്തിൽ മാറ്റം വരുത്തി വസ്തുനികുതിയിൽ വർദ്ധനവ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

**(I)** കന്നുകാലി ഫാം **: 5** മൃഗങ്ങൾ

**(Ii)** ആട് ഫാം **: 20** മൃഗങ്ങൾ

**(Iii)** പന്നി ഫാം **: 5** മൃഗങ്ങൾ

**(Iv)** മുയൽ ഫാം **: 25** മൃഗങ്ങൾ

**(V)** പൗൾട്രി ഫാം **: 100** പക്ഷികൾ

2022-23 സാമ്പത്തികവർഷത്തെ ലൈവ്സ്റ്റോക്ക് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ രണ്ട് ഫാം ഉടമകൾ മാത്രമാണ് ലൈവ്സ്റ്റോക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ | കെട്ടിട ഉടമയുടെ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|

| നം. | പേര് | | |
|---|---|---|---|
| 1. | ഫെലിക്സ് റാഫേൽ | 5/327,328,329,330,331,332,333,334,335, 336,337,338,339,339A,339B,339C,339D, 339E,339F,339G,339H,339I,339J | കോഴിവളർത്തൽ ഷെഡ് |
| 2. | ലൂക്കോസ്, പുതുശ്ശേരിയിൽ | 5/516D | കോഴിവളർത്തൽ ഷെഡ് |
| 3. | വർഗീസ്, പുന്നേലിപറമ്പിൽ | 14/22J(UA),22K(UA),22L(UA),22M(UA), 22N(UA),22O(UA),22P(UA),22Q(UA),22R(UA) | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.23/25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫെലിക്സ് റാഫേൽ,ലൂക്കോസ്, പുതുശ്ശേരിയിൽ എന്നിവരുടെ ലൈവ്സ്റ്റോക്ക്/കോഴിവളർത്തൽ ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി വളർത്തുന്ന മൃഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് തുക നിശ്ചയിക്കേണ്ടതും, ലൈസൻസ് എടുപ്പിച്ച് തുക ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന് പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

ശ്രീ. വർഗീസ്, പുന്നേലിപറമ്പിലിന്റെ ഉടമസ്ഥതയിലുള്ളത് നിയമാനുസൃതമല്ലാത്ത കെട്ടിടമാണ്. ആയതിൽ ലൈസൻസില്ലാതെ ഫാം പ്രവർത്തിക്കുന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 വകുപ്പ് 235ഡബ്ല്യൂ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 മണ്ണ് ലേലം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ നടത്തിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ഭാഗമായി ചുവടെ പറയുന്ന പ്രദേശങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് 08.12.2022,19.06.2023,03.07.202326.08.2023 തീയതികളിൽ ലേലം നടത്തിയിരുന്നുവെങ്കിലും നാളിതുവരെ ആരും ലേലം കൊണ്ടിട്ടില്ല. ആയതിനാൽ മണ്ണിന്റെ ലേലം നടത്തി വരുമാനം പഞ്ചായത്തിലേക്ക് മുതൽകൂട്ടേണ്ടതുമാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മണ്ണിന്റെ അളവ് | മണ്ണിന്റെ വില |
|---|---|---|---|
| 1 | കൊല്ലകുന്ന് കോളനി പരിസരം | 256.125m3 | 72000/- + GST |

| | | | |
|---|---|---|---|
| 2 | പട്ടളങ്ങാടി മൊബൈൽ ടവറിന് സമീപം | 154.100m3 | 36000/- +GST |
| 3 | പള്ളം SC കോളനി റോഡ് | 17m3 | 4000/- +GST |
| 4 | പുറക്കാട്ടുകുളം ഹൈവേ റോഡ് | 30.75m3 | 7100/- +GST |
| 5 | പുറക്കാട്ടുകുളം ഹൈവേ റോഡ് | 24.51m3 | 6000/- +GST |
| 6 | പാറക്കാട് അങ്കണവാടിക്ക് സമീപം | 24m3 | 6000/- +GST |

**1-18 അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല**

തൃക്കൂർ പഞ്ചായത്ത് പരിധിയിൽ രണ്ടാം വാർഡിൽ സർവ്വേ നമ്പർ. 391,385/3 ലായി ശ്രീ.സുഭാഷ് ചന്ദ്രബോസ്, ചിങ്ങപുരത്ത് വീട് എന്ന വ്യക്തിയുടെ ഉടമസ്ഥയിൽ പഞ്ചായത്തിന്റെ നിയമപ്രകാരമുള്ള കെട്ടിട നമ്പറോ, ഒക്യൂപൻസി സർട്ടിഫിക്കറ്റോ ലഭ്യമാകാത്ത കെട്ടിടത്തിൽ പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസില്ലാതെ അതീവ സ്ഫോടന സാധ്യതയുള്ള തൃക്കൂരപ്പൻ പെട്രോപാർക്ക് എന്ന പെട്രോൾ പമ്പ് 2020 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന് A3-BA(12175)/2019 23.05.2018നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ്പൂർത്തിയാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ കെട്ടിട ഉടമ നാളിതുവരെ പരിഹരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തെ അനധികൃത കെട്ടിടമായി പരിഗണിച്ച് യു.എ നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിനാൽ ശ്രീ.സുഭാഷ് ചന്ദ്രബോസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് യു.എ നമ്പർ അനുവദിച്ച് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച തീയതി അല്ലെങ്കിൽ വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതൽ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ലേലം ഫയൽ ഹാജരാക്കിയില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 04.11.2022 ലെ 16(1) തീരുമാനപ്രകാരം 4-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടിയിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന പ്ലാവ് മുറിക്കുന്നതിന് വേണ്ടി ശ്രീ.ശങ്കരു, ഒറ്റാലി വീട് സമർപ്പിച്ച ക്വട്ടേഷനും,8-ാം വാർഡിലെ ചാച്ചാജി അങ്കണവാടിയിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന തേക്ക്, ഞാവൽ, നെല്ലി എന്നീ മരങ്ങൾ മുറിക്കുന്നതിന് വേണ്ടി ശ്രീ.റോബിൻസൺ, അമ്മൂത്തൽ വീട് സമർപ്പിച്ച ക്വട്ടേഷനും അംഗീകരിച്ച് മരങ്ങൾ മുറിച്ചതിനുശേഷം വാല്യുവേഷൻ വാങ്ങി ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 16(2) തീരുമാനപ്രകാരം മുറിച്ചു മാറ്റിയ മരങ്ങളുടെ വാല്യുവേഷൻ എടുത്തു നൽകണമെന്ന് സോഷ്യൽ ഫോറസ്റ്റി വകുപ്പിനോട് ആവശ്യപ്പെടാനും, വാല്യുവേഷൻ ലഭിക്കുന്നമുറക്ക് ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത മരങ്ങളുടെ ലേല തീരുമാനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ :- 1985/22 തിയതി 12/08/2022 ഫയൽ ഹാജരാക്കേണ്ടതാണ് അല്ലാത്തപക്ഷം പ്രസ്തുത മരങ്ങളുടെ ലേലത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.14/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ KL-45/H-653 ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ലോഗ്ബുക്കിൽ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ, കൺട്രോളിങ്ങ് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തുന്നില്ല.

3) ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

4) ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിന്റെ (D1/PAN/KL-45H-653/239/2022) കാലാവധി 23.08.2023 വരെ മാത്രമാണ്. സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല.

5) ലോഗ്ബുക്കിൽ റിപ്പയറിങ്ങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല.

6) 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 ൽ ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ പരാമർശിച്ചിരുന്നു. ആയത് പരിഹരിക്കപ്പെട്ടിട്ടില്ല.

ലോഗ്ബുക്കിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും വാഹന ഉപയോഗം സംബന്ധിച്ച 30.06.2007 ലെ G.O (M.S) 170/07 ത.സ്വ.ഭ.വ, സർക്കുലർ നം. 41/2008/ധന/02.08.2008 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 28/25.11.2023)

## 1-21 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

വിവിധ പ്രൊജക്ടുകളിൽ മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായി മരുന്നുകൾ ലഭ്യമാകാത്തവയുടെ വിവരം താഴെ ചേർക്കുന്നു.

1) പ്രൊജക്ട് നം. 24/22-23, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ – 9,00,000/-, ചെലവ് – 8,98,883/- (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)

I) വൗച്ചർ നം. 42201119/22.11.2022, തുക – 2,40,000/-

പ്രൊഫോമ ഇൻവോയ്സ് നം. PRF-2375/18.11.2022 പ്രകാരം 2,40,000/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 70,485/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 9961 | 20.06.2023 | 24675 |
| 10923 | 29.06.2023 | 7018 |
| 13730 | 24.07.2023 | 9831 |
| 12919 | 15.07.2023 | 7619 |
| 9561 | 16.06.2023 | 15702 |
| 9563 | 16.06.2023 | 65560 |
| 17725 | 18.09.2023 | 3769 |
| 15866 | 14.08.2023 | 7493 |
| 16402 | 18.08.2023 | 25571 |
| 17237 | 31.08.2023 | 2277 |
| ആകെ | | 169515 |

Ii) വൗച്ചർ നം. 42201321/28.03.2023, തുക – 1,29,724/-

പ്രൊഫോമ ഇൻവോയ്സ് നം. PRF-5781/25.03.2023 പ്രകാരം 15,000/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 6,293/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 10979 | 29.06.2023 | 1949 |
| 6948 | 31.05.2023 | 3291 |
| 13927 | 26.07.2023 | 1683 |
| 15960 | 14.08.2023 | 470 |
| 17871 | 18.09.2023 | 1314 |
| ആകെ | | 8707 |

2) പ്രൊജക്ട് നം. 180/22-23, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

അടങ്കൽ – 15,000/-, ചെലവ് – 14,778/- (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)

വൗച്ചർ നം. 42201243/10.03.2023, തുക – 7,498/-

പ്രൊഫോമ ഇൻവോയ്സ് നം. PRF-5037/06.03.2023 പ്രകാരം 7,498/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 15565/09.08.2023 പ്രകാരം 246/- രൂപയുടെ മാസ്ക് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 7,252/- രൂപയുടെ സാധനങ്ങൾ (മാസ്ക്, സാനിറ്റൈസർ) ലഭ്യമായിട്ടില്ല.

3) പ്രൊജക്റ്റ് നം. 48/22-23, പാലിയേറ്റീവ് കെയർ

അടങ്കൽ – 14,26,520/-, ചെലവ് – 13,41,337/-

(വികസന ഫണ്ട് - 697642/-, ജില്ലാപഞ്ചായത്ത് വിഹിതം – 400000/-, തനത് ഫണ്ട് – 243695/-)

I) വൗച്ചർ നം. 42201082/18.10.2022, തുക – 93,170/- (വികസന ഫണ്ട് – ജനറൽ)

പ്രൊഫോമ ഇൻവോയ്സ് നം. PRF-1340/16.09.2022 പ്രകാരം 93,170/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 37,425/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 15590 | 10.08.2023 | 15053 |
| 15382 | 08.08.2023 | 2512 |
| 18797 | 03.10.2023 | 2397 |
| 19059 | 06.10.2023 | 5365 |
| 12871 | 14.07.2023 | 2274 |
| 10914 | 29.06.2023 | 28144 |
| ആകെ | | 55745 |

Ii) വൗച്ചർ നം. 42201097/02.11.2022, തുക – 2,14,256/- (വികസന ഫണ്ട് – ജനറൽ)

പ്രൊഫോമ ഇൻവോയ്സ് നം. PRF-1536/04.10.2022 പ്രകാരം 2,14,256/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 1,20,986/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 9556 | 16.06.2023 | 65122 |
| 10926 | 29.06.2023 | 15635 |
| 12924 | 15.07.2023 | 10833 |
| 14839 | 31.07.2023 | 1680 |
| ആകെ | | 93270 |

Iii) വൗച്ചർ നം. 42201235/06.03.2023, തുക – 2,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

പ്രൊഫോമ ഇൻവോയ്സ് നം. PRF-3425/07.01.2023 പ്രകാരം 2,00,000/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 96,006/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 6398 | 27.05.2023 | 26753 |
| 9498 | 16.06.2023 | 24905 |
| 10988 | 29.06.2023 | 5942 |
| 14348 | 28.07.2023 | 5320 |
| 13743 | 24.07.2023 | 2494 |
| 13743 | 24.07.2023 | 4103 |
| 5901 | 25.05.2023 | 13165 |
| 8113 | 07.06.2023 | 8597 |
| 17918 | 18.09.2023 | 342 |
| 18690 | 27.09.2023 | 3324 |
| 19487 | 16.10.2023 | 6888 |
| 17257 | 31.08.2023 | 414 |
| 15980 | 14.08.2023 | 1747 |
| ആകെ | | 103994 |

Iv) വൗച്ചർ നം. 42201224/23.02.2023, തുക – 2,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

പ്രൊഫോമ ഇൻവോയ്സ് നം. PRF-3422/07.01.2023 പ്രകാരം 2,00,000/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

V) വൗച്ചർ നം. 42201302/25.03.2023, തുക – 37,700/- (വികസന ഫണ്ട് – ജനറൽ)

പ്രൊഫോമ ഇൻവോയ്സ് നം. PRF-5257/13.03.2023 പ്രകാരം 37,700/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

Vi) വൗച്ചർ നം. 22201165/31.03.2023, തുക – 1,22,168/- (തനത് ഫണ്ട്)

പ്രൊഫോമ ഇൻവോയ്സ് നം. PRF-5605/22.03.2023 പ്രകാരം 75,000/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സൂചിപ്പിച്ച മൂന്ന് പ്രൊജക്ടുകളിലായി ആകെ 6,51,147/- രൂപയുടെ (70485+6293+7252+37425+120986+

96006+200000+37700+75000) മരുന്ന് ലഭ്യമാകാനുണ്ട്. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/23.11.2023)

**1-22 പാലിയേറ്റീവ് കെയർ ആംബുലൻസ് - അപാകതകൾ**

പാലിയേറ്റീവ് ഹോം കെയറിനായി KL-45/M-9849 മാരുതി ഓമ്നി ആംബുലൻസ് ഉപയോഗിക്കുന്നുണ്ട്. വാഹനവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) തൃക്കൂർ പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലാണ് വാഹനം. എന്നാൽ സെക്രട്ടറി ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

2) മെഡിക്കൽ ഓഫീസറാണ് ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്. എന്നാൽ ആംബുലൻസ് കുടുംബാരോഗ്യകേന്ദ്രത്തിന് കൈമാറി നൽകിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയൻ ആരാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3) ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

4) ഇന്ധനം നിറച്ചതിന്റെ ചെലവ് പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ലോഗ്ബുക്കിൽ ഇത് രേഖപ്പെടുത്തുന്നില്ല.

5) വാഹന അറ്റകുറ്റപ്പണികൾക്കായി പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. റിപ്പയറിങ്ങ് വിവരങ്ങൾ ചേർക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല.

ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ടതും വാഹനത്തിന്റെ കസ്റ്റോഡിയൻ ആരാണെന്ന് കൃത്യമായി രേഖപ്പെടുത്തി ചുമതലകൾ നിർവ്വചിക്കേണ്ടതുമാണ്. ലോഗ്ബുക്കിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും വാഹന ഉപയോഗം സംബന്ധിച്ച 30.06.2007 ലെ G.O (M.S) 170/07 ത.സ്വ.ഭ.വ, സർക്കുലർ നം. 41/2008/ധന/02.08.2008 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/23.11.2023)

**1-23 വീട് വാസയോഗ്യമാക്കൽ - 2021-22 വർഷം ആദ്യഗഡു കൈപ്പറ്റിയിട്ടും വീട് പണി പൂർത്തിയാക്കിയില്ല**

വി.ഇ.ഒ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പ്രൊജക്ടിൽ 2021-22 വർഷം ആദ്യഗഡു കൈപ്പറ്റുകയും എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്ത ഗുണഭോക്താക്കളുടെ രജിസ്റ്റർ പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. 58/21-22, തൃക്കൂർ സർക്കിൾ (ഒരു ഗുണഭോക്താവിന് 50,000/- രൂപ വകയിരുത്തി)

1) മണി, കോലോത്ത് പറമ്പിൽ വീട്, കോട്ടായി.പി.ഒ, കല്ലൂർ - 20.12.2021 തീയതിയിൽ 25,000/- രൂപ കൈപ്പറ്റി.

പ്രൊജക്ട് നം. 38/21-22, കല്ലൂർ സർക്കിൾ (ഒരു ഗുണഭോക്താവിന് 35,000/- രൂപ വകയിരുത്തി)

2) ശിവദാസൻ മാധവൻ, അഷ്ടമിച്ചിറ വീട്, കല്ലൂർ.പി.ഒ - 22.11.2021 തീയതിയിൽ 17,500/- രൂപ കൈപ്പറ്റി

3) മേരി പൊറിഞ്ചു, ചേലിയക്കര വീട്, കല്ലൂർ - 22.11.2021 തീയതിയിൽ 17,500/- രൂപ കൈപ്പറ്റി

4) ജോൺസൺ, കൊടിയൻ വീട്, തൃക്കൂർ - 20.01.2022 തീയതിയിൽ 17,500/- രൂപ കൈപ്പറ്റി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/23.11.2023) ലഭ്യമാക്കിയ മറുപടിയിൽ 09.05.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 6(1) പ്രകാരം ക്രമ നം. 1 ഗുണഭോക്താവിൽനിന്നും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചതായും ക്രമ നം. 2, 3, 4 ഗുണഭോക്താക്കൾക്കായി 2023-24 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി (പ്രൊജക്ട് നം. 176) പദ്ധതി വച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-24 മുട്ടക്കോഴി വളർത്തൽ (വനിത) – വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല – 13,800 രൂപ തടസ്സപ്പെടുത്തുന്നു**

പ്രോജക്ട് നം./പേര് - 220/23, മുട്ടക്കോഴി വളർത്തൽ (വനിത)

അടങ്കൽ തുക – 1,03,800/-, ചെലവ് - 1,03,800/-

ഫണ്ട് - വികസനഫണ്ട് (പൊതു വിഭാഗം )

വൗച്ചർ നം. - 42201145/13.12.2022 - 64,200/-

വൗച്ചർ നം. - 42201314/27.3.2023 - 39,600/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പഞ്ചായത്തിലെ ജനറൽ വിഭാഗം വനിതകൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ (5എണ്ണം വീതം) വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി 173 വനിതകൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് യൂണിറ്റ് ഒന്നിന് (5 എണ്ണം വീതം) 600/- രൂപ നിരക്കിൽ 1,03,800/- രൂപ ചെലവഴിച്ച് 865 മുട്ടക്കോഴി കുഞ്ഞുങ്ങളെ വടക്കാഞ്ചേരിയിലെ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി യൂണിറ്റിൽ നിന്ന് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ, 150 വനിതകൾക്ക് 750 എണ്ണം മാത്രം വിതരണം നടത്തിയതായാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. 115 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഇൻവോയ്സ് നം. /തീയതി | തുക | എണ്ണം/നിരക്ക് |
|---|---|---|---|
| 1 | 6/5.12.2022 | 64,200 | 535@120 |
| 2 | 25/27.3.2023 | 39,600 | 330@120 |
| | ആകെ | 1,03,800 | 865@120 |

വിതരണ വിവരങ്ങൾ ഹാജരാക്കുന്നതു വരെ 115 കോഴിക്കുഞ്ഞുങ്ങൾക്കായി ചെലവഴിച്ച 13,800/- രൂപ (115x120) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 11/24.11.2023)

**1-25 മുട്ടക്കോഴി വളർത്തൽ (വനിത) – സ്പിൽ ഓവർ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല –3,600/- രൂപ**

തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം./പേര് - 46/23, മുട്ടക്കോഴിവളർത്തൽ (വനിത) (സ്പിൽ ഓവർ)

അടങ്കൽ തുക – 96,000/-, ചെലവ് - 88,200/-

ഫണ്ട്- വികസനഫണ്ട്(പൊതുവിഭാഗം)

ബിൽ നം. - 25/27.6.2022 - 88,200/-

വൗച്ചർ നമ്പർ : 42201022/27/6/22 88200

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പഞ്ചായത്തിലെ ജനറൽ വിഭാഗം വനിതകൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ (5 എണ്ണം വീതം) വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി യൂണിറ്റ് ഒന്നിന് (5 എണ്ണം വീതം) 600/- രൂപ നിരക്കിൽ 88,200/- രൂപ ചെലവഴിച്ച് 735 മുട്ടക്കോഴി കുഞ്ഞുങ്ങളെ വടക്കാഞ്ചേരിയിലെ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി യൂണിറ്റിൽനിന്ന് വാങ്ങിയിട്ടുണ്ട്. 735 എണ്ണം മുട്ടക്കോഴി കുഞ്ഞുങ്ങളെ 5എണ്ണം (1 യൂണിറ്റ്) വീതം 147 പേർക്കാണ് വിതരണം നടത്തേണ്ടത്. എന്നാൽ വിതരണരേഖകൾ പരിശോധിച്ചതിൽ, 141 വനിതകൾക്ക് 705 എണ്ണം മാത്രം വിതരണം നടത്തിയതായാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. 30 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക | എണ്ണം/നിരക്ക് |
|---|---|---|---|
| 1. | 74/2021-22 /10.2.2022 | 88,200 | 735@120 |
| | ആകെ | 88,200 | 735@120 |

വിതരണവിവരങ്ങൾ ഹാജരാക്കുന്നതുവരെ 30 കോഴിക്കുഞ്ഞുങ്ങൾക്കായി ചെലവഴിച്ച 3,600/- രൂപ (30x120) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 17/24.11.2023)

## 1-26 കന്നുകുട്ടിപരിപാലനം – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം./പേര് – 218/23, കന്നുകുട്ടിപരിപാലനം

നിർവ്വഹണഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ തുക - 16,00,000/-

ഫണ്ട് – വികസനഫണ്ട് – 8,00,000/-, മറ്റുള്ളവ – 8,00,000/- (ഗുണഭോക്തൃവിഹിതം)

വൗച്ചർ നം. 42201165, തീ. 20.12.2022 – 5,12,500/-

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകട്ടി പരിപാലനം എന്ന പ്രൊജക്ട് പ്രകാരം

5,12,500/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.8/24.11.2023)

**1-27 കന്നുകുട്ടിപരിപാലനം – സ്പിൽ ഓവർ – വിനിയോഗസാക്ഷ്യപത്രം ലഭ്യമക്കിയിട്ടില്ല**

പ്രോജക്ട് നം./പേര് – S044/23, കന്നുകുട്ടിപരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

ഫണ്ട് – വികസനഫണ്ട് – 37,500/-, മറ്റുള്ളവ – 8,00,000/- (ഗുണഭോക്തൃവിഹിതം)

അടങ്കൽ തുക - 18,37,500/-

വൗച്ചർ നം. – 42201012/8/6/22 – 37500

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം സ്പിൽ ഓവർ എന്ന പ്രൊജക്ട് പ്രകാരം 37,500/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.10/24.11.2023).

**1-28 റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തിയാക്കിയിട്ടില്ല –ചെലവുതുക 51000/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം – S0061/23
വകയിരുത്തിയ തുക – 1,00,000/-

ഫണ്ട്- വികസനഫണ്ട് —12,059/-, തനത് ഫണ്ട്- 87,941/-
ചെലവ് – 51,000/-
ബിൽ നം.287/16.1.23, വൗച്ചർ നം. 22200795/18.01.2023 – 30,000/-
„ 436/17.3.23, വൗച്ചർ നം. 22201131/18.03.2023 – 9,000/-
„ 441/18.3.23, വൗച്ചർ നം. 42201281/18.03.2023 – 12,000/-

മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശ്രീ.കൃഷ്ണമാർ.എം.ആർ, ശരൺ.കെ.ബി എന്നീ വളണ്ടിയർമാരെ 10.08.22ലെ 4/1ാം നം. കമ്മിറ്റി തീരുമാന പ്രകാരം നിയമിക്കുകയുണ്ടായി. എന്നാൽ മേൽ വ്യക്തികളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി തൻവർഷം കൃഷ്ണമാറിന് 24,000/- രൂപയും ശരണിന് 27,000/- രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ 11.10.2023 240/AE/LSGD/TKR/23ാം നമ്പർ കത്ത് പ്രകാരം, സർവ്വേ നടത്തിയ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ ചില വാർഡുകളിലെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ ആർ-ട്രാക്കിൽ ചേർത്തു കാണുന്നില്ലെന്നും ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത ചില റോഡുകൾ ഉൾപ്പെടുത്തികാണുന്നു എന്നും ആയതിനാൽ കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം സ്വന്തം ഉത്തരവാദിത്ത്വത്തിൽ ആർ-ട്രാക്ക് ശരിയായവിധം അപ്ഡേറ്റ് ചെയ്ത് പൂർത്തിയാക്കേണ്ടതാണെന്ന് ശ്രീ.കൃഷ്ണകുമാർ.എം.ആർ നെ അറിയിച്ചും കാണുന്നു. റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ ആയതിനുവേണ്ടി ചെലവഴിച്ച ചെലവു തുക 51000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് അന്വേഷണം നം.18/24.11.2023).

**1-29 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ജിഎസ്ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി –392340 രൂപ തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1/23 -സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (ഫണ്ട് - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) അടങ്കൽ-10,00,000 | **42201347** | 31.03.23 | 392340 |

മേൽ പ്രോജക്റ്റ് പ്രകാരം 17 വാർഡുകളിലായി 1509 തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തിയതിന് 260 രൂപ നിരക്കിൽ 392340 രൂപ കരാറുകാരനായ ത്രീമെൻ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് ജി എസ് ടി രജിസ്ട്രേഷൻ ഉള്ളതാണ്. സ്ഥാപനത്തിന് തുക നല്കിയപ്പോൾ ജി.എസ്.ടി ഇനത്തിൽ 2% (7846 രൂപ) ടി.ഡി.എസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്ന് ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരമുള്ള ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കാതെയാണ് തുക നല്കിയിട്ടുള്ളത്. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്. ജി.എസ്.ടി ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇൻവോയ്സ് ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 20 തീയതി 24.11.23 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-30 എസ്റ്റിമേറ്റ് ഇല്ലാതെയും കരാറിലേർപ്പെടാതെയും കെഎസ്ഇബി യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മുൻകൂർ നല്കി.1091000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തീയതി | തുക | തുക നല്കിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|
